# ടെൻഡര് ക്ഷണിച്ചു

ആലപ്പുഴ : ജില്ലാ പ്രൊബേഷൻ ഓഫീസിലേക്ക് ടാക്സി പെർമിറ്റുള്ളതും 7 വർഷത്തില് കുറവ് കാലപ്പഴക്കമുള്ളതുമായ കാർ /ജീപ്പ് വാടകയ്ക്ക് നൽകാന് താൽപ്പര്യമുള്ള വ്യക്തികൾ / സ്ഥാപനങ്ങൾ എന്നിവരില് നിന്നും സീല് ചെയ്ത കവറുകളില് ടെൻഡര് ക്ഷണിച്ചു. 2021 മാർച്ച് വരെയുള്ള കാലയളവിലേക്കാണ് ടെൻഡര് ക്ഷണിച്ചിട്ടുള്ളത്. മെയ് 29ന് രാവിലെ 11മണി വരെ പ്രവൃത്തി ദിവസങ്ങളിൽ ഓഫീസില് നിന്നും ടെൻഡര് ഫോറം ലഭിക്കും. താൽപര്യമുള്ളവര് നിശ്ചിത ഫോറത്തില് മെയ് 29ന് ഉച്ചക്ക് 3നകം ടെൻഡര് സമർപ്പിക്കണം. അന്നേ ദിവസം വൈകിട്ട് നാലിന് ടെൻഡര് തുറക്കും. വിശദവിവരത്തിന് ഫോൺ : 0477 2238450.

# ക്ഷീരകർഷകർക്ക് ധനസഹായം നൽകുന്നു

ആലപ്പുഴ: ക്ഷീരവികസന വകുപ്പിന്റെ 2020-21 വാർഷിക പദ്ധതിയിലെ മിൽക്ക് ഷെഡ്ഡ് ഡവലപ്മെന്റ് പ്രോഗ്രം (എം.എസ്.ഡി.പി.) പദ്ധതിയിൽ ഉൾപ്പെടുത്തി ക്ഷീരകർഷകർക്ക് ധനസഹായം നൽകുന്നു. ഒരു പശു ഡയറി യൂണിറ്റ്, രണ്ട് പശു ഡയറി യൂണിറ്റ്, അഞ്ച് പശു ഡയറി യൂണിറ്റ്, പത്ത് പശു ഡയറി യൂണിറ്റ്, കാലിത്തൊഴുത്ത് നിർമ്മാണ/ നവീകരണ ധനസഹായം, കറവയന്ത്രം വാങ്ങുന്നതിനുള്ള ധനസഹായം, കംപോസിറ്റ് ഡയറി യൂണിറ്റുകൾക്കുള്ള ധനസഹായം തുടങ്ങിയ പദ്ധതികൾക്കാണ് ധനസഹായം നൽകുന്നത്. താൽപര്യമുള്ളവര് ആവശ്യമായ രേഖകള് സഹിതം അതാത് ബ്ലോക്കുകളിലെ ക്ഷീരവികസന ഓഫീസുകളിൽ ജൂണ് 15ന് മുൻപായി നിർദ്ദിഷ്ട മാതൃകയില് അപേക്ഷ നൽകണം.

--